# മുന്നറിയിപ്പ്, സമ്മർദ്ദ സൂചകങ്ങളും മത്സ്യങ്ങളുടെ പെരുമാറ്റം/ രേഖപ്പെടുത്തൽ ജോ കെ കിഴക്കുടൻ

ജോ കെ കിഴക്കുടൻ

ദൃശ്യമാപിനികൾ, പ്രകാശം, ശബ്ദ സൂചകങ്ങൾ, രാസപദാർത്ഥങ്ങൾ, രാസസംവേദന സൂചകങ്ങൾ, പാർപ്പിടം, തീറ്റ ലഭ്യത എന്നിങ്ങനെ നിരവധി വസ്തുതകൾ മത്സ്യങ്ങളെ പാരിലേക്കു ആകർഷിക്കുന്നു. വ്യത്യസ്ത മത്സ്യവിഭാഗങ്ങൾ അവയുടെ വളർച്ചക്ക് അനുസൃതമായി വ്യത്യസ്തമായി പെരുമാറുന്നു. ഉദാഹരണത്തിന്, പ്രതുൽപ്പാദന വലിപ്പമെത്തുന്നതിനുമുമ്പ് വരെ ശീലാവുകൾ വലിയ മീൻകൂട്ടമായി നിലനിൽക്കുന്നു, പക്ഷേ വലുതാകുമ്പോൾ അവ ചെറിയ മത്സ്യകൂട്ടമായി നീന്തുന്നു; സമാനമായ ഉദാഹരണങ്ങൾ പാറകൊഞ്ചുകൾ, പൂളാൻ, തേൾ മത്സ്യങ്ങൾ, സിംഹ മത്സ്യങ്ങൾ, ചെമ്പല്ലികൾ എന്നിവയിൽ കാണപ്പെടുന്നു. ചെറിയ പാര/വറ്റയിനങ്ങൾ, കാരാടുകൾ, കാർഡിനൽ മത്സ്യങ്ങൾ എന്നിവ അവയുടെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും സമാനമായ സാന്ദ്രതയിൽ ഒരേ ആവാസ നിവാസികളായി തുടരുന്നു. അതിനാൽ, വലിയ മത്സ്യക്കൂട്ടങ്ങൾ, ഒറ്റയായി നിലകൊള്ളുന്നവ, കുടിയേറ്റ മത്സ്യങ്ങൾ, സന്ദർശക മത്സ്യങ്ങൾ എന്നിങ്ങനെ പ്രത്യേകം തിരഞ്ഞെടുത്ത ഇനങ്ങളെക്കുറിച്ച് ഒരു വിലയിരുത്തൽ പഠനം നടത്തുന്നത് കൃത്രിമ പാരിന്റെ പ്രകടനം വിലയിരുത്തുന്നതിന് അനുയോജ്യമാണ്.

എന്നിരുന്നാലും, കൃത്രിമ പാരുകൾ പ്രകൃതിദത്തമോ പ്രേരിതമോ ആയ പ്രതികൂല പ്രത്യാഘാതങ്ങൾക്ക് വിധേയമാണ്, ഇത് പാര് നിവാസികളെ പ്രതികൂലമായിബാധിച്ചേക്കാം. എആർഎസ്സ്സിഅംഗങ്ങളുംസജീവമത്സ്യത്തൊഴിലാളി സമൂഹവും എല്ലായ്പ്പോഴും മത്സ്യബന്ധനത്തെക്കുറിച്ചും പവിഴപ്പുറ്റുകളുടെ പ്രകടന ത്തെക്കുറിച്ചും ആശയവിനിമയം നടത്തുകയും മാറ്റങ്ങളും വിവരങ്ങളും അവരുടെ ലോഗ് ബുക്കുകളിൽ സൂചിപ്പിക്കുകയും വേണം. മോശം മീൻപിടിത്ത നിരക്ക്, കുറഞ്ഞ സിപിയുഇ (ഓരോ യൂണിറ്റ് മത്സ്യബന്ധനത്തിലും ലഭിക്കുന്ന മീനുകളുടെ അളവ്), സൂചക സ്പീഷീസുകളുടെ അഭാവം അല്ലെങ്കിൽ മത്സ്യജീവിതത്തിന്റെ അടയാളങ്ങൾ എന്നിവയെ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾ ബോധവാന്മാരായിരിക്കണം. അത്തരം അടയാളങ്ങൾ ഉണ്ടായാൽ, പാര് ഘടനകൾക്ക് സ്ഥാനചലനം വന്നിട്ടുണ്ടോ, തകരാറുവന്നിട്ടുണ്ടോ അതോ വലിയ വലകൾ പാരിനെ പൊതിഞ്ഞതാണോ എന്ന് പരിശോധിക്കാൻ ഒരു മുങ്ങൽ വിദഗ്ധനെ നിയോഗിച്ച് ഉടൻ പരിശോധിക്കണമെന്ന് അവർ ആവശ്യപ്പെടണം.

പാര് ഘടനകൾ ധാരാളം ചത്ത മത്സ്യങ്ങളുള്ള പ്രേതവലകളാൽ മൂടപെട്ടാൽ, അവ അടുത്തുള്ള വെള്ളത്തിലേക്ക് ദുർഗന്ധം പരത്തുകയും അവിടെ സ്ഥിരതാമസമാക്കിയ ജന്തുജാലങ്ങൾ പുറത്തേക്ക് നീങ്ങുകയും ചെയ്യുന്നു. ഇത് ഒരു താൽക്കാലിക പ്രതിഭാസമാണെങ്കിലും ആഘാതം കുറഞ്ഞത് ഒരു മാസമെങ്കിലും തുടരാം.

പ്രേതവലകൾ പവിഴപ്പുറ്റുകൾക്കൊപ്പം പഴകുകയും പാര് ഘടനയുടെ അവിഭാജ്യ ഘടകമായി മാറുകയും ചെയ്യുന്നു, കാരണം അവ ധാരാളം ജന്തുജാലങ്ങളെയും സൂക്ഷ്മാണുക്കളെയും കൂട്ടിച്ചേർക്കുന്നു, കൂടാതെ നിരവധി ചെറിയ ജീവികളും മത്സ്യങ്ങളും ഈ അധിക ഇടങ്ങൾ ഉപയോഗപ്രദമായ അഭയസ്ഥാനമായി കണ്ടെത്തുന്നു. എന്നാൽ ഈ വലകൾ സമുദ്ര സസ്തനികൾക്കും ഉരഗങ്ങൾക്കും അങ്ങേയറ്റം അപകടകരമാണ്, അതിനാൽ പാര് സൈറ്റുകൾ ഇടയ്ക്കിടെ നിരീക്ഷിക്കുകയും വൃത്തിയാക്കുകയും വേണം.

അമിത സമ്മർദ്ദത്തിലായ മത്സ്യങ്ങൾ പലപ്പോഴും അടുത്തുള്ള പാറകൾക്കോ അഭയകേന്ദ്രങ്ങൾക്കോ വേണ്ടി തിരയുകയും മതിയായ തീറ്റകളുള്ള അനുയോജ്യമായ ആവാസസ്ഥലം കണ്ടെത്തുന്നതുവരെ താൽക്കാലികമായി പാരിൽ നിന്നും പുറത്തേക്ക് പോകുകയും ചെയ്യുന്നു. ചെറിയ മീൻ കൂട്ടങ്ങളും  സ്ഥിര നിവാസികളും  മാറിയ ഘടനകളുമായി വീണ്ടും പൊരുത്തപ്പെടുന്നു; എന്നിരുന്നാലും, പവിഴപ്പുറ്റുകളും തകർക്കപെട്ട കവചിത അകശേരുക്കളും  നാമാവശേഷമാകുന്നു. പ്രേത വലകളിൽ ചത്ത വസ്തുക്കൾ ഉള്ളപ്പോൾ ഇരമത്സ്യങ്ങൾ വളരെക്കാലം അകന്നുനിൽക്കുന്നു. എന്നാൽ വലിയ വേട്ടമത്സ്യങ്ങൾ  അവശേഷിക്കുന്നു.

അംഗങ്ങൾക്ക് സമാധാനപരമായ മാർഗങ്ങളിലൂടെ പതിവായ സംഭവങ്ങളും ലംഘനങ്ങളും അവരുടെ മത്സ്യത്തൊഴിലാളി നേതാക്കൾക്ക് മുന്നിൽ ഉന്നയിക്കാനും ചർച്ച ചെയ്യാനും രേഖപ്പെടുത്താനും എ ആർ എസ്  സി ഭരണഘടന അധികാരം നൽകുന്നു, ഈ സംഭവങ്ങൾ  അടുത്തുള്ള ഗ്രാമ നേതാക്കൾക്കളുടെ ശ്രദ്ധയിൽ പെടുതേണ്ടതാണ് ; കൂടാതെ, ഫോട്ടോകൾ അല്ലെങ്കിൽ കപ്പൽ രജിസ്ട്രേഷൻ നമ്പറുകൾ മുതലായ തെളിവുകളോടെ വിഷയം സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർക്ക് പ്രതിനിധീകരിക്കാം.

**മുന്നറിയിപ്പ് സൂചകങ്ങൾ**

1. മോശം മത്സ്യബന്ധനവും നിരക്കും
2. മത്സ്യങ്ങൾ ഇരകളെടുക്കാത്തത്
3. ജീവനുള്ള മത്സ്യങ്ങൾ മുമ്പത്തെപ്പോലെ ലഭ്യമല്ല
4. ഹുക്ക് & ലൈനുകളുടെയും ജിഗുകളുടെയും ലീഡ് വെയ്റ്റുകൾ വലകളിൽ കുടുങ്ങുന്നു
5. അടിത്തട്ട് ഗിൽ വലകളും ട്രാംമെലുകളും ഉപയോഗിക്കുന്ന മറ്റ് മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനങ്ങളുടെ സൂചനകൾ
6. കണവ വലകളുടെയും സെറ്റ് ഗിൽ വലകളുടെയും സൂചനകൾ

7. പാര് സൈറ്റുകളിൽ പ്രവർത്തിക്കുന്ന ട്രോളറുകളുടെ സൂചനകളോ റിപ്പോർട്ടുകളോ
8. സൈറ്റുകളിൽ വലിയ സീൻ ഓപ്പറേറ്റർമാർ മത്സ്യബന്ധനം നടത്തുന്നതിന്റെ സൂചനകൾ
9. ചത്ത മത്സ്യം ഒഴുകുന്നു
10. അടിത്തട്ടിലുള്ള ഓക്സിജൻ അഭാവ അവസ്ഥകൾ, ഉദാഹരണത്തിന്, തമിഴ്നാട്ടിൽ ഓഗസ്റ്റ്, സെപ്റ്റംബറിൽ കാണപ്പെടുന്ന മേൽപ്പരപ്പൊഴുക്ക് (പോഷക–സങ്കലന അവസ്ഥ), അടിത്തട്ടിലുള്ള ജന്തുജാലങ്ങളെ മേല്പരപ്പിലേക്ക് ഉയർത്തുന്നു. നങ്കുകൾ/മാന്തളുകൾ (പരന്ന മത്സ്യങ്ങൾ), ട്രിഗർ മത്സ്യങ്ങൾ എന്നിവ പോലെ സമുദ്രാടിത്തട്ടിൽ മാത്രമുള്ള മത്സ്യങ്ങൾ പോലും പാരിടങ്ങളിലെ അമിതമായ മേൽപ്പരപ്പൊഴുക്കു കാരണം സമുദ്രോപരിതലത്തിലേക്ക് എത്തപ്പെട്ട് ആവാസവ്യവസ്ഥയിലെ പൂജ്യം ഓക്സിജൻ നിരക്ക് വെളിപ്പെടുത്തുന്നു.